


കവർസ്റ്റോറി

●
**അബ്ദുൽജബ്ബാർ സിദ്ദീഖി**
(മുൻ ജന. സെക്രട്ടറി, മൂവ്മെന്റ് ഫോർ പീസ് ആന്റ് ജസ്റ്റിസ്
(എം.പി.ജെ.) ആന്ധ്രപ്രദേശ്)

# ഇനി വിധി നിർണയിക്കുക സമുദായങ്ങൾ തമ്മിലുള്ള സഖ്യങ്ങൾ



**ഇന്ത്യ** ഒരു ബഹുമത, ബഹുജാതി, ബഹുഭാഷാ, ബഹുവംശ രാജ്യമാണ്. 6 വംശീയ സമൂഹങ്ങൾ, 13 മതസമൂഹങ്ങൾ, 50ലധികം ഗോത്രങ്ങൾ, നൂറുകണക്കിന് ജാതികൾ എന്നിവയുടെ ഒരു സംഘാതമാണ് ഈ നാട്. നമുക്ക് 1652 മാതൃഭാഷകളും 22 പട്ടികഭാഷകളുമുണ്ട്. ഓരോ സ്വത്വങ്ങളും അതിന്റെ പൂർണതയിൽ നിലനിൽക്കാനാണ് ആഗ്രഹിക്കുന്നത്. അതിനാൽ ബഹുസാമൂഹികാംശങ്ങൾ ചേർന്നുളവാകുന്നതാണ് ഇന്ത്യ.

ഇന്ത്യയിലെ 110 കോടി ജനങ്ങൾ വിവിധ മത-ജാതികളിലായി വിഭജിച്ചു കിടക്കുകയാണ്. പട്ടികജാതി 16 ശതമാനം, പട്ടികവർഗം 7 ശതമാനം, മറ്റു പിന്നാക്ക വിഭാഗങ്ങൾ 51 ശതമാനം, ഉയർന്നജാതി 7 ശതമാനം, മുസ്‌ലിംകൾ 14 ശതമാനം, ക്രിസ്ത്യാനികൾ 2.33 ശതമാനം, സിഖുകൾ 1.84 ശതമാനം, ബുദ്ധർ 0.7 ശതമാനം, ജൈനർ 0.4 ശതമാനം എന്നിങ്ങനെയാണ് ഈ വിഭജനം.

ആയിരത്തോളം രാഷ്ട്രീയ പാർട്ടികൾ ഇപ്പോൾ തന്നെ ഇലക്ഷൻ കമീഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ മിക്ക പാർട്ടികളും ഏതെങ്കിലും സമുദായങ്ങളെ ഉപജീവിക്കുന്നവയാണ്. ബി.ജെ.പി ഉയർന്ന ജാതിക്കാരെ സ്വാധീനിക്കുമ്പോൾ എസ്.പി, ആർ.ജെ.ഡി എന്നിവ യാദവരെയാണ് കേന്ദ്രീകരിക്കുന്നത്. ബി.എസ്.പി ദലിത് സമൂഹത്തെ ലക്ഷ്യമിടുന്നു. ആന്ധ്രയിൽ തെലുങ്കുദേശം കമ്മ ജാതിയെയും കോൺഗ്രസ് റെഡ്ഡിമാരെയും പ്രജാരാജ്യം കപ്പു വിഭാഗത്തെയും മജ്‌ലിസ് മുസ്‌ലിംകളെയുമാണ് ലക്ഷ്യം വെക്കുന്നത്.

ഇന്ത്യൻ രാഷ്ട്രീയത്തിൽ ദേശീയ പാർട്ടികൾക്ക് അസ്തമയ കാലമാണ് ഇപ്പോൾ. രാഷ്ട്രീയ സഖ്യങ്ങളും വൈകാതെ അവസാനിച്ചേക്കും. സാമുദായിക സഖ്യങ്ങളുടെ രാഷ്ട്രീയത്തിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. അതിനാൽ ഓരോ സമുദായത്തിനും ഓരോ വോട്ടർക്കും രാഷ്ട്രീയ മൂല്യം വർധിച്ചുവരികയാണ്.

ഇനി ചോദ്യങ്ങളിലേക്ക്.

1. ഇന്ത്യൻ രാഷ്ട്രീയത്തിൽ സമുദായങ്ങൾക്കും ജാതികൾക്കും പ്രാധാന്യം വർധിച്ചു വരികയാണ്. ന്യൂനപക്ഷങ്ങൾക്കും ഇത് ബാധകമാണ്. എന്നാൽ ഏതെങ്കിലും ഒരു വ്യക്തിക്കോ സമുദായത്തിനോ മാത്രമായി പ്രത്യേകിച്ച് അത്ഭുതങ്ങളൊന്നും ഉണ്ടാക്കാനാവില്ല. സമുദായങ്ങളുടെ സഖ്യത്തിലൂടെയാണ് ഇനിയുള്ള കാലത്ത് മാറ്റങ്ങൾ വരുത്താനാവുക.

2. ഇന്ത്യയെപ്പോലൊരു ബഹുസ്വര സമൂഹത്തിൽ വർഗീയ രാഷ്ട്രീയത്തിന് യാതൊരു ഭാവിയുമില്ല. ബി.ജെ.പിക്കും ശനിദശയാണ് വരുന്ന കാലം. മത-വർഗീയ ആഹ്വാനങ്ങൾ ജനങ്ങളെ ധ്രുവീകരിക്കാനും സ്വന്തക്കാരുടെ വോട്ടുകൾ ഉറപ്പിക്കാനും സഹായിച്ചേക്കും. എന്നാൽ പാർട്ടിയും അധികാരവും തമ്മിൽ അകലം വർധിക്കാനും ഇത് കാരണമാവും. ഇന്ത്യ ഭരിക്കണമെങ്കിൽ ഉൾക്കൊള്ളലിന്റെ രാഷ്ട്രീയമാണ് (Inclusive Politics) ആവശ്യം.

3. ജനങ്ങളുടെ രാഷ്ട്രീയ അവബോധത്തെ ആശ്രയിച്ചാണ് ജനാധിപത്യത്തിന്റെ വിജയം കിടക്കുന്നത്. ജനങ്ങൾ യഥാവിധി രാഷ്ട്രീയമായി പ്രതികരിക്കു

**മൂർത്തമായ രാഷ്ട്രീയ പ്രത്യയശാസ്ത്രവും കൃത്യമായ നിലപാടുകളുമുള്ള ഏതൊരു പാർട്ടിക്കും വിജയിക്കാനാവും. ജനങ്ങളുടെ യഥാർഥ പ്രശ്നങ്ങളായ വിശപ്പ്, രോഗം, അക്രമിക്കപ്പെടൽ, നീതിനിഷേധം, നിരക്ഷരത എന്നിവയെയും പുതിയ കാല പ്രവണതകളായ യുദ്ധമാനിയ, സാമ്പത്തിക അസ്ഥിരത എന്നിവയെയും യഥാവിധി അഭിമുഖീകരിക്കാൻ കഴിയുന്നവർക്കേ വിജയിക്കാനാവൂ. ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കാനുദ്ദേശിക്കുന്ന പാർട്ടിക്കും ഇതൊക്കെ ബാധകമാണ്.**

ന്നില്ലെങ്കിൽ ജനാധിപത്യം തകരും. അനീതി രംഗം വാഴും. കഴിഞ്ഞ 60 വർഷമായി പല കാരണങ്ങളാൽ മുസ്‌ലിംകൾക്ക് രാഷ്ട്രീയാവബോധമുള്ള സമൂഹമാവാൻ കഴിഞ്ഞിട്ടില്ല. അതിനാൽ അവർ അനീതിക്കിരയായി. സച്ചാർ റിപ്പോർട്ട് കാണിക്കുന്നത് അതാണ്. ദേശീയ-സംസ്ഥാന പാർട്ടികളിൽ ന്യൂനപക്ഷ സെല്ലുകളിൽ മാത്രമാണ് മുസ്‌ലിം നേതാക്കളുടെ സ്ഥാനം. അധികാരത്തിലോ പ്രതിപക്ഷത്തോ ഇരിക്കുന്ന പാർട്ടികളിലൊന്നും അത്യുന്നത പദവികളിലെത്താൻ മുസ്‌ലിംകൾക്ക് സാധിച്ചിട്ടില്ല.

4. പ്രാദേശികമായിട്ടാണെങ്കിൽ പോലും ന്യൂനപക്ഷ പാർട്ടികൾ നന്നായി പ്രവർത്തിക്കുന്നിടങ്ങളിലെല്ലാം ന്യൂനപക്ഷങ്ങളുടെ അഭിമാനവും ആത്മവിശ്വാസവും വർധിച്ചിട്ടുണ്ട്. കേരളത്തിലെ മുസ്‌ലിംലീഗ്, ഹൈദരാബാദിലെ മജ്‌ലിസ്, കശ്മീരിലെ പി.ഡി.പി എന്നിവ ഉദാഹരണങ്ങളാണ്. ദേശീയരാഷ്ട്രീയത്തിൽ ന്യൂനപക്ഷ പാർട്ടികളുടെ പ്രസക്തി അവരുടെ ശക്തിയെ ആശ്രയിച്ചാണിരിക്കുന്നത്.

5. പൊതുജീവിതത്തിലെ ആക്ടിവിസം ഒരു 24 X 7 പ്രവർത്തനമാണ്. പ്രത്യേക സമയങ്ങളിലും അത്യാവശ്യ സന്ദർഭങ്ങളിലും മാത്രം നടത്തേണ്ടതല്ല അത്. അതിനാൽ തന്നെ നേരത്തെ ഉദാഹരിച്ച 3 പാർട്ടികൾ ഒഴികെയുള്ള ഒന്നിനെയും രാഷ്ട്രീയ പ്രവർത്തനമായി ഞാൻ കാണുന്നില്ല.

**നമുക്കുള്ളതെല്ലാം യാന്ത്രിക രാഷ്ട്രീയ സംഘങ്ങളാണ്. അവയിൽ ഒരു കൈ മാറി മറുകൈ വന്നാൽ പ്രത്യേകിച്ച് മാറ്റമൊന്നും സംഭവിക്കില്ല. വ്യത്യസ്തമായ രാഷ്ട്രീയ തത്ത്വശാസ്ത്രത്തോടെ, വ്യത്യസ്തമായ സമീപനങ്ങളിലൂടെ ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമാക്കാൻ കഴിയുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ് നമുക്കാവശ്യം.**

6. നമ്മുടെ രാജ്യത്തിന്റെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കാണിക്കുന്നത് നിലവിലെ ഭരണസംവിധാനം ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അപര്യാപ്തമാണെന്നാണ്. സ്വാതന്ത്ര്യത്തിന്റെ 60 ആണ്ടുകൾ പിന്നിട്ടിട്ടും നമ്മളിപ്പോഴും അനീതിയിലും ഭീതിയിലും അഴിമതിയിലുമാണ്. നമുക്കുള്ളതെല്ലാം യാന്ത്രിക രാഷ്ട്രീയ സംഘങ്ങളാണ്. അവയിൽ ഒരു കൈ മാറി മറുകൈ വന്നാൽ പ്രത്യേകിച്ച് മാറ്റമൊന്നും സംഭവിക്കില്ല. വ്യത്യസ്തമായ രാഷ്ട്രീയ തത്ത്വശാസ്ത്രത്തോടെ, വ്യത്യസ്തമായ സമീപനങ്ങളിലൂടെ ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമാക്കാൻ കഴിയുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ് നമുക്കാവശ്യം.

അധികാരത്തിന്റെ ഇടനാഴികളിൽ നിന്ന് മാറ്റിനിർത്തപ്പെടുന്നവരെയാണ് യഥാർഥത്തിൽ ന്യൂനപക്ഷമായി കാണേണ്ടത്. നൈസാം ഹൈദരാബാദ് ഭരിച്ച കാലത്ത് 8-10 ശതമാനം മാത്രം വരുന്ന മുസ്‌ലിംകൾക്ക് ന്യൂനപക്ഷം എന്ന തോന്നൽ ഉണ്ടായിട്ടില്ല. അതുപോലെ 2 ശതമാനം ബ്രാഹ്മണർ ഇന്ത്യ ഭരിക്കുമ്പോൾ അവർക്കും ഈ തോന്നൽ ഉണ്ടാവുന്നില്ല. അതിനാൽ എല്ലാ വിഭാഗങ്ങൾക്കും ന്യായമായ അധികാരാവകാശങ്ങൾ ഉറപ്പുവരുത്താൻ കഴിയുന്ന രാഷ്ട്രീയ ശ്രമങ്ങളാണ് ഉണ്ടാവേണ്ടത്.

7. മൂർത്തമായ രാഷ്ട്രീയ പ്രത്യയശാസ്ത്രവും കൃത്യമായ നിലപാടുകളുമുള്ള ഏതൊരു പാർട്ടിക്കും വിജയിക്കാനാവും. ജനങ്ങളുടെ യഥാർഥ പ്രശ്നങ്ങളായ വിശപ്പ്, രോഗം, അക്രമിക്കപ്പെടൽ, നീതിനിഷേധം, നിരക്ഷരത എന്നിവയെയും പുതിയ കാല പ്രവണതകളായ യുദ്ധമാനിയ, സാമ്പത്തിക അസ്ഥിരത എന്നിവയെയും യഥാവിധി അഭിമുഖീകരിക്കാൻ കഴിയുന്നവർക്കേ വിജയിക്കാനാവൂ. ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കാനുദ്ദേശിക്കുന്ന പാർട്ടിക്കും ഇതൊക്കെ ബാധകമാണ്. ■

തയാറാക്കിയത്: **എം. സാജിദ്**